**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3106** — **18-03-2022 - ൽ മറുപടിയ്ക്ക്**

**മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക വകുപ്പിന് കീഴിൽ കൊണ്ടോട്ടിയിലുള്ള മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയിൽ ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതിന് വേണ്ടി എത്ര രൂപ അനുവദിച്ചു എന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാരിന്റെ കാലത്ത് 2021-22 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി വകയിരുത്തിയ 5 ലക്ഷം രൂപ അറബിമലയാളം ഡിജിറ്റലൈസ് ചെയ്യുന്ന പ്രവൃത്തിക്കായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | മാപ്പിള കല അക്കാദമിക്ക് മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ബജറ്റ് വിഹിതവും ഗ്രാന്റും കുറഞ്ഞുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ ബജറ്റ് വിഹിതവും ഗ്രാന്റും മുൻ കാലങ്ങളിലെ പോലെ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | 2020-21 സാമ്പത്തിക വർഷം മാപ്പിള കലാ അക്കാദമിക്ക് പദ്ധതിയേതര വിഹിതമായി ഒരു കോടി രൂപ വകയിരുത്തിയിരുന്നുവെങ്കിലും 52.40 ലക്ഷം രൂപ മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അക്കാദമിയുടെ അംഗീകൃത പദ്ധതികൾക്ക് ആവശ്യമായി വരുന്ന തുകകൾ അതാത് സമയം അധികധനാനുമതി പ്രകാരം ലഭ്യമാക്കുന്നത് പരിഗണിക്കുന്നതാണ്. 2021-22 സാമ്പത്തിക വർഷം അധിക പദ്ധതിയേതര വിഹിതമായി 25 ലക്ഷം രൂപ അനുവദിക്കണമെന്ന അക്കാദമി സെക്രട്ടറിയുടെ അപേക്ഷ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (സി) | കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ടിൽ മഹാകവി മോയിൻകുട്ടി വൈദ്യരുടെ ജന്മസ്ഥലം കൂടി ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | മലബാർ ലിറ്ററി സർക്യൂട്ടിൽ മഹാകവി മോയിൻകുട്ടി വൈദ്യരുടെ ജന്മസ്ഥലംകൂടി ഉൾപ്പെടുത്തുന്നത് വിനോദസഞ്ചാര വകുപ്പ് പരിശോധിച്ച് വരുന്നു. |
| (ഡി) | മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരക അക്കാദമിയുടെ വികസനത്തിനായി 2022-23 സാമ്പത്തിക വർഷം ഏന്തെല്ലാം പുതിയ പദ്ധതികൾക്കാണ് സർക്കാരിന്റെ അനുമതി തേടിയത് എന്ന് വ്യക്തമാക്കുമോ? | (ഡി) | 2022-23 വർഷത്തേക്ക് മഹാകവി മോയിൻകുട്ടി വൈദ്യർ അക്കാദമി സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. മ്യൂസിയം നവീകരണം 100 ലക്ഷം 2. ഗവേഷണ ലൈബ്രറി നവീകരണം 15 ലക്ഷം 3. ലൈബ്രറി കെട്ടിടം നവീകരണം 50 ലക്ഷം 4. ഓഡിയോ വിഷ്വൽ ആർക്കൈവ് 25 ലക്ഷം 5. ഉദ്യാനം,സൗന്ദര്യവത്ക്കരണം 5 ലക്ഷം 6. ഇശൽ പൈതൃകം ത്രൈമാസിക 10 ലക്ഷം 7. പുസ്തക |

| | | | |
|---|---|---|---|
| | | | പ്രസിദ്ധീകരണം 10 ലക്ഷം 8. പ്രാചീന അറബിമലയാളം കൃതികളുടെ ലിപ്യന്തരണം 10 ലക്ഷം 9. മാപ്പിളകലകൾ ഡോക്യുമെന്ററി 20 ലക്ഷം 10. മാപ്പിളകലകളുടെ ഗവേഷണത്തിനായുള്ള ഫെലോഷിപ്പ് 5 ലക്ഷം 11. യുവജനങ്ങൾക്കായി കലാപരിശീലനം 10 ലക്ഷം 12. പ്രതിഭകളെ അനുസ്മരിക്കൽ, സെമിനാർ 50 ലക്ഷം 13. കലാപ്രതിഭകൾക്ക് വൈദ്യർ പുരസ്ക്കാരം സമർപ്പണം 2 ലക്ഷം 14. ഗ്രന്ഥങ്ങൾക്ക് മാപ്പിളകലാ അക്കാദമി അവാർഡ് സമർപ്പണം 3 ലക്ഷം 15 മാപ്പിളസാഹിത്യത്തിലെ സ്ത്രീപഠനങ്ങൾ ഗ്രന്ഥങ്ങൾ 30 ലക്ഷം 16. സ്കൂൾ ഓഫ് മാപ്പിള ആർട്സ് 30 ലക്ഷം 17. ആസാദി കാ അമൃത് മഹോത്സവ് 15 ലക്ഷം ആകെ 3 കോടി 90 ലക്ഷം |

സെക്ഷൻ ഓഫീസർ